പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) വയനാട് ജില്ലയിലെ കുന്നത്തിടവക, സുഗന്ധഗിരി, പുക്കോട്, കാരാപ്പുഴ, ചീങ്ങേരി തുടങ്ങിയ പുനരധിവാസ പ്രദേശങ്ങളിലായി 997 ആദിവാസി കുടുംബങ്ങൾക്കായി 2526.601 ഏക്കർ ഭൂമി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിന് ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് പ്രകാരം 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മാനന്തവാടി, വൈത്തിരി താലൂക്കുകളിലായി ഭൂവുടമകളിൽനിന്ന് ലഭിച്ചിട്ടുള്ള 1865 ഏക്കർ ഭൂമിയുടെ ഓഫറുകൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള സമിതി പരിശോധിച്ചുവരികയാണ്.

വിതരണം നടത്തിയിട്ടുള്ള ഭൂമിയിലെ വീടുകളുടെ നിർമ്മാണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും വിവിധ ഘട്ടങ്ങളിൽ ത്വരിതഗതിയിൽ നടന്നുവരുന്നു. സുഗന്ധഗിരി, പുക്കോട് പുനരധിവാസ മേഖലകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി യഥാക്രമം 15 ലക്ഷം രൂപ, 10 ലക്ഷം രൂപ എന്നിങ്ങനെ അനുവദിച്ച് നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ എസ്.സി./എസ്.ടി. വിഭാഗക്കാർക്കുള്ള ഭൂമിയും വീടും

112 (5517) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ എത്രപേർക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം അറിയിക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു ;

(സി) ഈ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി അനുവദിച്ചുവെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പട്ടികജാതി വികസന വകുപ്പ് ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതിപ്രകാരം 5 പേർക്ക് ഭൂമിയും വീടും നൽകുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി 372 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 137 വീടുകൾ അധിക കേന്ദ്ര സഹായം ഉപയോഗിച്ച് ദുർബലവിഭാഗത്തിൽപ്പെട്ട പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുവേണ്ടി മാത്രമുള്ള പദ്ധതി പ്രകാരമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പട്ടികജാതി വികസന വകുപ്പ് വീട് നിർമ്മിക്കുന്നതിന് 5 പേർക്ക് 3,50,000 രൂപയും ഭൂമി വാങ്ങുന്നതിന് 5 പേർക്ക് 1,62,500 രൂപയും ഉൾപ്പെടെ 5,12,500 രൂപ ചെലവഴിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് ആകെ ചെലവഴിച്ച 3,51,85,000 രൂപയിൽ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിന് 137 വീടുകൾ നിർമ്മിക്കുന്നതിന് 1,33,50,000 രൂപ ചെലവഴിച്ചു.

(സി) വീടും ഭൂമിയും പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് 5 പേർക്കും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 110 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്കും ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.

മാനന്തവാടിയിലെ പ്രിയദർശിനി തേയില തോട്ടത്തിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെ ക്ഷേമം

113 (5518) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജോർജ്. എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക-സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടിയിലെ പ്രിയദർശിനി തേയില തോട്ടത്തിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഇവിടെ എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇവിടെ താമസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) നാശോന്മുഖമായി കിടന്നിരുന്ന തേയിലത്തോട്ടം പ്രവർത്തന ക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) തൊഴിലാളികൾക്ക് ലഭിക്കേണ്ട കൂടിശ്ശിക തുക കൊടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(എഫ്) ഇവിടത്തെ ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly